**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **07-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതിയുടെയും പ്രതിരോധ കുത്തിവെയ്പ് പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (ABC) നടപ്പിലാക്കുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, മൃഗപരിപാലകർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച് വരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2022 എപ്രിൽ മുതൽ നാളിതു വരെ 9001 എബിസി, ഈ കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 37 എബിസി സെന്ററുകൾ പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>നഗരസഭകൾ മുഖേന 01/09/2022 മുതൽ 14/11/2022 വരെ 3285 നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ മുഖേന 1014 തെരുവ് നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. 5 കോർപ്പറേഷനുകളിൽ എബിസി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. കോർപ്പറേഷനുകൾ മുഖേന 2016 മുതൽ 30/08/2022 വരെ 79,859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.<br><br>പേവിഷബാധ നിർമ്മാർജനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് സെപ്തംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടി ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തു തലത്തിൽ കണ്ടെത്തിയിട്ടുണ്ട്. സൗജന്യമായി വാക്സിൻ മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതു വരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. |
| (ബി) | വാക്സിന്റെ കുറവും ജീവനക്കാരുടെ അഭാവവും പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള ജന്തുരോഗനിയന്ത്രണ പദ്ധതിയുടെ ഓഫീസിൽ നിന്നാണ് പേവിഷ പ്രതിരോധ കുത്തിവെയ്പിനുള്ള വാക്സിൻ വാങ്ങുന്നത്. റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് വാക്സിൻ സംഭരിക്കുന്നത്. ഇപ്രകാരം 2022 - 23 വർഷം 10,06,960 ഡോസ് വാക്സിൻ സംഭരിച്ചിട്ടുണ്ട്. ആയതിൽ നിന്ന് 4,72,608 ഡോസ് വാക്സിൻ ചെലവഴിച്ചിട്ടുണ്ട്. 5,34,352 ഡോസ് വാക്സിൻ ബാക്കിയുണ്ട്. സംസ്ഥാനത്തെ മൃഗാശുപത്രികൾ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തു പേവിഷ പ്രതിരോധ വാക്സിൻ ദൗർലഭ്യമില്ല. പേവിഷനിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം 506 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ വളർത്തു നായ്ക്കളുടെ പ്രതിരോധ കുത്തിവെപ്പ് കാര്യക്ഷമമായി നടന്നുവരുന്നു. ആയതിന് പ്രത്യേക ചെലവുകൾ വരുന്നില്ല. |
| (സി) | തെരുവുനായ്ക്കളെ കുത്തിവെയ്ക്കാൻ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് എടുക്കേണ്ട വാക്സിൻ ലഭിക്കുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ജീവനക്കാർക്ക് എടുക്കേണ്ട പ്രതിരോധ വാക്സിൻ ലഭിക്കുന്നില്ല എന്നുള്ള പരാതി ഇതുവരെ ഉണ്ടായിട്ടില്ല. നിലവിൽ തെരുവുനായ്ക്കളുടെ വന്ധീകരണവുമായി പ്രവർത്തിച്ചുവരുന്ന എല്ലാ ജീവനക്കാർക്കും ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 0,7,21 എന്നീ ദിവസങ്ങളിലുള്ള പ്രതിരോധ കുത്തിവെയ്പ്പ് പൂർത്തിയായവരെ മാത്രമാണ് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് നിയോഗിച്ചിട്ടുള്ളത്. |
| (ഡി) | പ്രതിരോധ കുത്തിവെയ്പ്പുമായി ബന്ധപ്പെട്ട പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | മൃഗസംരക്ഷണ വകുപ്പ് റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം, പ്രതിരോധ കുത്തിവയ്പ്പ് നടത്തി വരുന്നു. പ്രതിരോധ കുത്തിവയ്പ്പുകൾ സുഗമമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രതിസന്ധികൾ ഇല്ല. |

സെക്ഷൻ ഓഫീസർ